ശ്രീ. ഇ. കെ. നായനാർ : ഇവിടെ ശ്രീ. ഭരതന്റെ പേര് കൊടുത്തു. അതു പിൻവലിച്ചതിന്റെ കാരണം ഞാൻ പറയാം ചോദ്യം എന്റെ കൈയ്യിലുണ്ട്. അതിന്റെ പശ്ചാത്തലം പറയണ്ടേ. ലോകമലയാള സമ്മേളനത്തിൽ മലയാളികളും സമ്മേളനം കൂടിയെങ്കിലും മലയാളം ഉണ്ടായില്ലായെന്ന് നമ്മുടെ ബഹുമാനപ്പെട്ട സാഹിത്യകാരനായ തകഴി ശിവശങ്കരപിള്ള വന്നതിനുശേഷം പ്രസംഗം നടത്തി. ഒരു ബർലിൻ സമാജം അവിടെയുണ്ട്. ആ ബർലിൻ സമാജം ഇവർക്കെതിരായിട്ട് കേസ് കൊടുത്തിരിക്കുകയാണ്. അതേസമയത്തു തന്നെ അഴിമതിക്കും ആരോപണത്തിനും വിധേയമാണ് ഇതിന്റെ കൺവിനറായിട്ടുള്ള കെ. പി. വർഗ്ഗീസ്. മലയാള പത്രങ്ങളിലടക്കം അയാളുടേയും അയാളുടെ ഭാര്യയുടേയും പേരിൽ ആരോപണം വന്നതാണ്. മെഡിക്കൽ കള്ള ബില്ലുകളിൽ വർഗ്ഗീസ് ഒരു പ്രതിയാണ്. ഭാര്യയുടെ പേരിലുണ്ടാക്കിയ വ്യാജ ബില്ല് കേരളത്തിലെ മലയാള മനോരമ പത്രത്തിൽ വന്നതാണ്. ജർമ്മൻ മലയാളികളും ഇത്തരം അഴിമതി നടത്തുന്നവരെ കൺവീനറാക്കി പണം തട്ടാനും അഴിമതിക്കും. ഒരു സമ്മേളനം നടത്തി, മലയാളം ഇവിടെ നടന്നിട്ടില്ലായെന്ന് തകഴി പറയുമ്പോൾ നടന്നു എന്നാണ് ശ്രീ. ടി. എം. ജേക്കബ് പറയുന്നത്. ഇതിൽ സത്യമായിട്ട് വല്ലതുമുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം പറഞ്ഞത് അടിസ്ഥാന രഹിതമായ ആക്ഷേപമാണ്. അവിടെ നടന്ന സമ്മേളനങ്ങളും മലയാളത്തിൽ തന്നെയാണ് നടന്നത്. മലയാള ഭാഷയെക്കുറിച്ച് തകഴിതന്നെ ആധികാരികമായി പറഞ്ഞു. മലയാള ഭാഷയെസംബന്ധിച്ച് ആധികാരികമായി സംസാരിച്ചത് കേരളത്തിലെ ഏറ്റവും പ്രശസ്തനായ, ഇന്ത്യയിലെ പ്രശസ്തനായ തകഴി തന്നെയാണ്. അദ്ദേഹം അഭിപ്രായം പറഞ്ഞത് എനിക്ക് അറിഞ്ഞുകൂടാ. അവിടെ ഈ സമ്മേളനത്തെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചത് സഖാവിന്റെ പാർട്ടിയിൽപ്പെട്ട ഈസ്റ്റ് ബർലിനിൽ പ്രവർത്തിക്കുന്ന കുഞ്ഞനന്ദൻ നായരാണ്. അദ്ദേഹമാണ് ഇതൊക്കെ എഴുതി അയച്ചിരിക്കുന്നത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പൈപ്പ്വെള്ളത്തിൽ രോഗാണുക്കൾ

* 23 [23] ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. എം. അബൂബക്കർ :
,, പി. വി. മുഹമ്മദ് :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജലവിതരണപദ്ധതികളിൽനിന്നും വിതരണം ചെയ്യുന്ന പൈപ്പ്വെള്ളത്തിൽ രോഗാണുക്കൾ പെരുകുന്നു എന്ന വ്യാപകമായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ ഗവൺമെന്റ് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി : (ശ്രീ. കെ. എം. മാണി :

(എ) പല ശുദ്ധജലവിതരണ പദ്ധതികളിൽനിന്നും വിതരണം ചെയ്യുന്ന പൈപ്പുവെള്ളത്തിൽ രോഗാണുക്കളെ കണ്ടതായിട്ടുള്ള പരാതി ശുദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി). പ്രസ്തുത ഭാഗങ്ങളിൽനിന്നും ശുദ്ധജലത്തിന്റെ സാമ്പിൾ ശേഖരിച്ച് ഗവൺമെന്റ് ലാബറട്ടറിയിൽ പരിശോധിച്ചതിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം തികച്ചും തൃപ്തികരമാണെന്നു കണ്ടിട്ടുണ്ട്. എങ്കിൽത്തന്നെയും, ശുദ്ധജലത്തിൽ അണുനശീകരണം കൂടുതൽ കർശനമാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഗാന്ധിജി സർവ്വകലാശാലയ്ക്ക് യു. ജി. സി. യുടെ അംഗീകാരം

* 24 [24] ശ്രീ. ബന്നി ബഹനാൻ :

,, സ്റ്റീഫൻ പാടുവ :

,, ജോസ് കുറ്റ്യാനി :

,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിയ്ക്ക് യു. ജി. സി. യുടെ അംഗീകാരം ലഭിച്ചുവോ ;

(ബി) ഇല്ലെങ്കിൽ അംഗീകാരം ലഭിക്കാനുള്ള കാലതാമസത്തിന്റെ കാരണം എന്ത് ?

(സി) അംഗീകാരം നൽകാൻ യു. ജി. സി. നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ഇപ്പോഴത്തെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി : (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല.

(ബി ആൻറ് സി) ഗാന്ധിജി യൂണിവേഴ്സിറ്റിയെ യു. ജി സി. യുടെ ധനസഹായത്തിന് അർഹമാണെന്ന് പ്രഖ്യാപിച്ചു കിട്ടാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് യു. ജി. സി. യെ സമീപിച്ചിരുന്നു. അപ്പോൾ യു. ജി. സി. ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിൽ ചില ഭേദഗതികൾ വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് യു. ജി. സി. യുമായി പലതവണ ചർച്ചകൾ നടത്തുകയും അവസാനം ആ ചർച്ചയിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ ഗാന്ധിജി യൂണിവേഴ്സിറ്റി ആക്ട് ഭേദഗതി ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് നിയമവകുപ്പ് ഒരു ഭേദഗതി ബില്ല് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ നിയമസഭാ സമ്മേളനത്തിൽ ഇത് അവതരിപ്പിക്കുന്നതാണ്.

* 25 [25] ശ്രീ. കെ. പുരുഷോത്തമൻ :

,, ഇ. ടി. മുഹമ്മദ് ബഷീർ :

,, എ. വി. അബ്ദുറഹിമാൻ ഹാജി :

,, ടി. കെ. അറുമുഖൻ :

LIBRARY ARCHIVES Kerala Legislative Assembly